
# THE BIBLE TRUTH



# EXCELLENT OFFER ALMOST FREE !

Receive 20 Attractive All New Books, Worth More Than Rupees Two Hundred, By Sending Rupees Thirty Only. (This is Mailing & Forwarding Charges Only) Good For Preachers, Teachers, And Students Of The Bible.

Also Available Are 20 Books In Hindi Just For Rupees Twenty Only.

All Books Are Mailed Free Of Charge. Send By M.O Only, Which Should Be Addressed To:

**Editor,**
**THE BIBLE TEACHER**
**C-22, N D. S E. II**
**NEW DELHI-110049.**


## നോട്ടീസ്

ആർക്കെങ്കിലും മാസിക കിട്ടാതെ വരുമ്പോൾ, നിങ്ങൾ സ്ഥലം മാറുമ്പോൾ, മാസിക വേണ്ടെന്നുള്ളവർ എല്ലാ കത്തിടപാടുകളിലും നിങ്ങളുടെ അഡ്രസിന്റെ മുകളിൽ കൊടുത്തിരിക്കുന്ന നമ്പർ വ്യക്തമായി എഴുതിയിരിക്കണം. പുതിയ അഡ്രസ് എഴുതുമ്പോൾ അതു വലിയ അക്ഷരത്തിൽ എഴുതിയിരിക്കണം. പഴയ കോപ്പികൾ മാസങ്ങൾക്കു ശേഷം ആവശ്യപ്പെട്ടാൽ ലഭിക്കുന്നതല്ല.

ലേഖനങ്ങളും കവിതകളും അയക്കുമ്പോൾ അതോടൊപ്പം അതു നിങ്ങളുടേതു തന്നെ എന്നു കാണിക്കുന്ന സാക്ഷ്യപത്രവും പൂർണ്ണവിലാസവും ഉണ്ടായിരിക്കണം. പ്രസിദ്ധീകരണയോഗ്യമെങ്കിൽ മാത്രം പ്രസിദ്ധീകരിക്കുന്നതാണ്.

വായനക്കാരുടെ എല്ലാവരുടേയും ഹൃദയം നിറഞ്ഞ സ്നേഹത്തിനും പ്രോത്സാഹനത്തിനും നന്ദി. വെറും വായനക്കാർ മാത്രമായിരിക്കാതെ വചനം പ്രായോഗികമാക്കി തീർക്കുക.

എഡിററർ

# ബൈബിൾ ട്രൂത്ത്

Editors

**P. K. VARGHESE** **J. C. CHOATE**

ooo ooo ooo

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 10** **July 1996** **No. 4**

## എഡിറ്റോറിയൽ

നമ്മുടെ സമൂഹത്തിൽ മാറ്റമില്ലാതെ എന്നും കാണപ്പെടുന്നതാണ് മദ്യപാനവും അസാന്മാർഗ്ഗിക നടപടികളും. നിയമം മൂലം ഇതിനെ ഇല്ലാതാക്കാൻ ശ്രമിക്കാറുണ്ട്. പക്ഷെ അത് വിജയപ്രദമായി കാണുന്നില്ല. ധർമ്മവും അധർമ്മവും തമ്മിലുള്ള പോരാട്ടമാണ് മനുഷ്യരിൽ എന്നും ഉള്ളത്. സ്വന്തമനസിൽ തീരുമാനിച്ച് നടപ്പിൽ വരുത്തേണ്ട ഒന്നാണ് ധർമ്മം. അതിനു കഴിയാതെ വരുമ്പോൾ അധർമ്മം ചെയ്തുപോകുന്നു. താല്കാലികമായ സുഖത്തെയാണ് അധികം പേരും ഇഷ്ടപ്പെടുന്നത്. അതിന്റെ പ്രത്യാഘാതത്തെക്കുറിച്ച് വീണ്ടുവിചാരമില്ല. നൈമിഷികവും ശാരീരികവുമായ ഇച്ഛക്കു അടിമപ്പെടുകയാണ് ആളുകൾ. നന്മയും തിന്മയും വേർതിരിച്ചറിയുവാൻ പലർക്കും പ്രയാസം ഉണ്ടാകാറില്ല. പക്ഷെ അറിഞ്ഞുകൊണ്ടും അല്ലാതെയും തിന്മക്കു കീഴ്പ്പെടുന്നു. എന്താണ് ഇതിനുള്ള പ്രതിവിധി? ലൗകികമായ അറിവിൽ നിന്നു ഉരുത്തിരിഞ്ഞ യാതൊരു പ്രതിവിധിയും പൂർണ്ണമല്ല. എന്നാൽ ദൈവം വെളിപ്പെടുത്തിയ പ്രതിവിധിയാണ് ശരിയായതും പിന്നീട് ആവർത്തിക്കപ്പെടാൻ കഴിയാത്തതും.

വ്യക്തിപരമായ ജീവിതം ശോഭനമായി തീരണം എന്ന ആഗ്രഹം ഇല്ലാത്തവർ കാണുകയില്ല. എന്നാൽ അതിനു വിഘ്നങ്ങൾ നേരിടുമ്പോൾ കാരണം കണ്ടുപിടിക്കാതെ അതിനെ അതിജീവിക്കാൻ ശ്രമിക്കുന്നതാണ് കുഴപ്പമായി

തീരുന്നത്. നമ്മിലുള്ള പാപം എന്തെന്നു തിരിച്ചറിയുക നമ്മുടെ ജീവിതവിജയത്തിനു നാം നമ്മിൽ തന്നെ ആശ്രയി ക്കരുത്. മനുഷ്യരിൽ ആശ്രയിക്കുന്നതിനെക്കാൾ യഹോ വയിൽ ആശ്രയിക്കുന്നത് അത്യുത്തമം. ഇരുട്ടിനെ അക റ്റുവാൻ നാം കണ്ണടച്ചതുകൊണ്ടു സാദ്ധ്യമല്ലല്ലൊ. അങ്ങ നെ അതു നീങ്ങിപോകയില്ലല്ലൊ. ഒരാളുടെ ഉള്ളിൽ സ്ഥിതിചെയ്യുന്ന കുറവ് എന്താണെന്ന് തിരിച്ചറിയുവാൻ അയാളുടെ പ്രവൃത്തികൾ കാണേണ്ടിയിരിക്കുന്നു. പക്ഷെ അതു പരിഹരിക്കുവാൻ കാണുന്ന ആൾക്കു കഴിയുകയില്ല. ചെയ്യുന്ന വ്യക്തിക്കു മാത്രമെ കഴിയൂ. ദൈവത്തെ അറി യുവാൻ കഴിയുന്ന ഒരാൾക്ക് അയാളെയും തിരിച്ചറിയാൻ കഴിയും. വിവേകം എന്നു പറയുന്നത് യഥാർത്ഥത്തിൽ അതാണ്. ക്രിയാത്മകമായ പ്രവർത്തനങ്ങളുടെ ഉറവിടം തീർച്ചയായും അങ്ങനെയുള്ളവരിൽ കണ്ടെത്താം.

നിഷ്ക്രിയത്വം നിഷേധാത്മകമായ കാര്യങ്ങളിലേ ക്കു ആളുകളെ നയിക്കും. നിയമരഹിതമായ മാർഗ്ഗങ്ങൾ ജീവിതത്തിൽ അനുവർത്തിക്കുന്നവർ അതു വർദ്ധിപ്പി ക്കുവാൻ സാഹചര്യങ്ങൾ വീണ്ടും തേടിപ്പോകുന്നു. ഇങ്ങ നെ പലവിധമായ ദുഷ്ക്രിയകൾക്ക് ഇരയായി തീരുന്നു. ദൈവഭയവും ഭക്തിയും തിരുവെഴുത്തുകളുടെ പ്രാധാ ന്യവും മനസിലാക്കിയിട്ടുള്ള വ്യക്തി തന്റെ ജീവിത ത്തിന്റെ അനന്തരഫലത്തെക്കുറിച്ച് ബോധവാനായിരി ക്കും. കുറ്റവാളികൾക്കു ശിക്ഷയുണ്ട് എന്നതിന് തർക്ക മില്ല. ആദ്യം തന്നെ ആലോചന ആവശ്യമാണ്. ഞാൻ ചെയ്യുന്ന പ്രവൃത്തി എനിക്കോ മറ്റുള്ളവർക്കോ ദോഷം ഉളവാക്കുന്നതാണോ എന്ന് ചിന്തിക്കണം. ആ ചിന്ത ദൈവ വചനം എന്തെന്നും, ദൈവം ആരെന്നും അറിയുന്നവർക്കാ ണ് ഉണ്ടാവുക.

★

# രാജ്യത്തെക്കുറിച്ചുള്ള പ്രസംഗം

J.C. ചോട്ട്

മതപരമായ വിഷയങ്ങളിൽ കലക്കത്തിലായിരിക്കുന്ന, ഒരുപക്ഷെ മുൻപന്തിയിൽ തന്നെയുള്ള വിഷയമാണ് സഭ അല്ലെങ്കിൽ രാജ്യം എന്നു പറയാം. ഭൂരിഭാഗവും കരുതുന്നത് സഭ അപ്രധാനവും ആവശ്യമില്ലാത്തതും എന്നാണ്. ഒരു സഭ മറ്റൊന്നു പോലെയാണ് അല്ലെങ്കിൽ ഒരാൾ ഒരു സഭയിൽ പോകുന്നു മറ്റുള്ളവർ അവർക്കിഷ്ടമുള്ള സഭയിൽ പോകുന്നു എന്നെല്ലാം പറഞ്ഞു കേൾക്കാറുണ്ട്. പ്രസംഗിക്കുന്ന ഘട്ടം വരുമ്പോൾ പരസ്യമായി ക്രിസ്തുവിനെ പ്രസംഗിക്കാം. പക്ഷെ സഭയെ പറ്റി ഒന്നും പറയരുത് എന്നു പറഞ്ഞേക്കാം. അല്ലെങ്കിൽ നാമധേയവിഭാഗങ്ങളെ പറ്റി ഒന്നും പ്രസംഗിക്കരുത് എന്നും പറഞ്ഞു കേൾക്കാം.

സഭയെക്കുറിച്ച് അഥവാ രാജ്യത്തെക്കുറിച്ച് ബൈബിൾ പ്രസ്താവിക്കുന്ന കാര്യങ്ങൾ ബഹുഭൂരിപക്ഷം ആളുകൾക്കും അറിഞ്ഞുകൂടാ എന്നതാണ് പരമാർത്ഥം. ആദ്യമായി സഭയെന്നതും രാജ്യമെന്നതും ഒരേ സ്ഥാപനം തന്നെയാണ് എന്നു നാം മനസിലാക്കണം. ക്രിസ്തു ഈ രണ്ടു പദങ്ങളും മാറി മാറി ഉപയോഗിച്ചിട്ടുണ്ട്. (മത്തായി 16:18-19). കൊലോസ്യ സഭക്കു പൌലൊസ് ലേഖനം എഴുതുമ്പോൾ അവർ ദൈവത്തിന്റെ പ്രിയ പുത്രന്റെ രാജ്യത്തിലെ അംഗങ്ങളാണെന്ന് സൂചിപ്പിക്കുന്നുണ്ട് (കൊലൊസ്സ്യർ 1:13-14). ഒരിക്കലും നശിച്ചു പോകാത്ത ഒരു രാജ്യം താൻ സ്ഥാപിക്കുമെന്ന് ദൈവം പഴയ നിയമത്തിൽ വാഗ്ദാനം ചെയ്തിരുന്നു (ദാനിയേൽ 2:44). അതിന്റെ ആരംഭം യെരുശലേമിൽ ആയിരിക്കുമെന്ന് യെശയ്യാ പ്രവാചകൻ അരുളിച്ചെയ്തിരുന്നു (യെശയ്യാവ് 2:2-3). മത്തായി, മർക്കൊസ്, ലൂക്കോസ്, യോഹന്നാൻ

എന്നീ സുവിശേഷ ഭാഗങ്ങൾ വായിക്കുമ്പോൾ യോഹന്നാൻ സ്നാപകൻ വന്നു ദൈവരാജ്യം ആസന്നമായിരിക്കുന്നു എന്നു പ്രസംഗിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു (മത്തായി 3:1-2). ദൈവരാജ്യം ശക്തിയോടെ വരുന്നത് അന്നു ജീവനോടെ ഇരിക്കുന്നവരിൽ ചിലർ കാണും എന്നു കർത്താവ് പറഞ്ഞിരുന്നു (മർക്കൊസ് 9:1). പിന്നീട് അവൻ ഉയിർത്തെഴുന്നേററ ശേഷം ദൈവരാജ്യത്തെ സംബന്ധിച്ച കാര്യങ്ങൾ ശിഷ്യന്മാരെ പഠിപ്പിച്ചിരുന്നു (പ്രവൃത്തി 1:2-3).

ഏതാണ്ട് A.D 33-ൽ യെരുശലേമിൽ അപ്പൊസ്തലൻമാർ കൂടി ഇരുന്നപ്പോൾ വാഗ്ദാനം ചെയ്തതുപോലെ ദൈവരാജ്യം ശക്തിയോടെ വന്ന് അത്ഭുതകരമായി സുവിശേഷം അവരിൽ കൂടെ പ്രസ്താവിക്കപ്പെട്ടു. ആദ്യമായിട്ടാണ് ആ സുവിശേഷം വെളിപ്പെട്ടത്. മൂവായിരം ആത്മാക്കൾ അന്നു കർത്താവിനെ അനുസരിച്ചു. അവർ കർത്താവിൻെറസഭയോടു ചേർക്കപ്പെട്ടു (പ്രവൃത്തി 2). ഫിലിപ്പൊസ് ശമര്യയിൽ പോയി ക്രിസ്തുവിനെ പ്രസംഗിച്ചു (പ്രവൃത്തി 8:5). അവൻെറ പ്രസംഗത്തെ സംബന്ധിച്ച് പരാമർശിക്കുന്നത് ശ്രദ്ധിക്കുക. ''എന്നാൽ ദൈവരാജ്യത്തെയും യേശുക്രിസ്തുവിൻെറ നാമത്തെയും കുറിച്ചുള്ള സുവിശേഷം അറിയിക്കുന്ന ഫിലിപ്പൊസിനെ അവർ വിശ്വസിച്ചപ്പോൾ പുരുഷന്മാരും സ്ത്രീകളും സ്നാനം ഏററു (പ്രവൃത്തി 8:12).

ഈ രാജ്യത്തെ സഭ എന്നു മാത്രമല്ല, ശരീരമെന്നും വിളിച്ചിട്ടുണ്ട്. ക്രിസ്തുവിൻെറ ശരീരമെന്നാണ് പറഞ്ഞിട്ടുള്ളത് (1കൊരിന്ത്യർ 12:27). അതു ദൈവത്തിൻെറ ആലയമാണെന്നു സൂചിപ്പിച്ചിട്ടുണ്ട് (1തിമൊഥെയോസ് 3:15). ക്രിസ്തുവിൻെറ കാന്ത എന്ന നിലയിലും ഇതിനെ ഉപമിച്ചിട്ടുണ്ട് (വെളിപ്പാട് 21:2,9). ആട്ടിൻകൂട്ടമെന്നും അതിനെ വിശേഷിപ്പിച്ചിട്ടുണ്ട് (യോഹന്നാൻ 10). യേശുക്രിസ്തുവുമായുള്ള ബന്ധത്തിൽ പറയുമ്പോൾ

അവൻ മുന്തിരിവള്ളിയും സഭയിലുള്ള അവയവങ്ങൾ കൊമ്പുകളായും പറഞ്ഞിട്ടുണ്ട്. ഇങ്ങനെ വിവിധ രൂപത്തിലും ഭാവത്തിലും നമുക്കു മനസിലാക്കി തരുന്ന കാര്യമെന്തെന്നാൽ സഭ എത്രമാത്രം പ്രാധാന്യമർഹിക്കുന്നു എന്നതാണ്. പക്ഷെ ഈ സത്യം പലർക്കും അജ്ഞാതമാണ്. അതുകൊണ്ട് അവർ സഭയെ അവഗണിച്ചിരിക്കയാണ്. ദൈവവചനത്തെക്കുറിച്ച്, പരിജ്ഞാനമില്ലാത്തതു കൊണ്ടും ദൈവശക്തി യഥാർത്ഥത്തിൽ എന്താണെന്ന് അറിയാത്തതുകൊണ്ടും ആളുകൾ അപകടമായ വിശ്വാസങ്ങളിൽ കഴിയുന്നു.

ദൈവത്തിന്റെ പ്രവർത്തികൾ എല്ലാം മനുഷ്യർക്കു വേണ്ടിയാണെന്ന് ഓർക്കുക. നമ്മുടെ നാശം ഒഴിവാക്കുവാൻ ദൈവത്തിന്റെ പ്രയത്നം അനിവാര്യമായി തീർന്നു. അതിലൊന്നാണ് രാജ്യസ്ഥാപനം. ദൈവഭരണം മനുഷ്യഹൃദയങ്ങളിൽ നടത്തുവാൻ ആഗ്രഹിക്കുന്നത് അവൻ നമ്മുടെ സൃഷ്ടികർത്താവും പരിപാലകനും ആകകൊണ്ടത്രേ. നമ്മുടെ കാലടികളെ നേരെയാക്കുവാൻ നമുക്കു സാദ്ധ്യമല്ല. എന്നാൽ ആ അറിവില്ലാത്ത മനുഷ്യൻ കിട്ടിയിരിക്കുന്ന അറിവ് പൂർണ്ണമായും ശരിയാകണമെന്ന് ധരിക്കുന്നു. അതാണ് കുഴപ്പം. വിവേചിച്ചറിയുവാനാണ് ദൈവം എല്ലാ കാര്യങ്ങളും വെളിപ്പെടുത്തിയിരിക്കുന്നത്. അധികം പേരും തങ്ങളുടെ വിശേഷബുദ്ധി ഉപയോഗിച്ച് വിവേചനം നടത്തുന്നില്ല.

സഭ എന്നാൽ എന്താണ്? അത് രക്ഷിക്കപ്പെടുന്നവരുടെ കൂട്ടമാണ് (മർക്കൊസ് 16:16). രക്ഷിക്കപ്പെടുന്നവരെയാണ് കർത്താവ് തന്റെ സഭയോടു ചേർക്കുന്നത് (പ്രവൃത്തി 2:47). ക്രിസ്തു എന്ന അടിസ്ഥാനത്തിൻമേൽ പണിതിരിക്കുന്നവരാണ് അവർ (1 കൊരിന്ത്യർ 3:11). കർത്താവിന്റെ നാമം ധരിച്ചിരിക്കുന്നവരാണ് അവർ (പ്രവൃത്തി 4:12). ക്രിസ്തുവിന്റെ രക്തത്താൽ വിലക്കു വാങ്ങപ്പെട്ടവരുമാണ് (പ്രവൃത്തി 20:28). ഇതെല്ലാം അർത്ഥമാക്കുന്നത് എന്താണ്? കർത്താവിന്റെ കല്പ

നകാം പൂർണ്ണ ഹൃദയത്തോടെ അനുസരിച്ച് ജീവിക്കുന്നവരെയാണ് അവൻ ഭരിക്കുന്നത് എന്നാണ്.

പക്ഷെ എന്തുകൊണ്ടു നാം രാജ്യത്തെ അല്ലെങ്കിൽ സഭയെ സംബന്ധിച്ച് പ്രസംഗിക്കണം ? സഭയാണോ നമ്മെ രക്ഷിക്കുന്നത് ? അല്ല, സഭ രക്ഷകനല്ല. സഭ എന്നത് രക്ഷിക്കപ്പെട്ടവരുടെ കൂട്ടമാണ്. ക്രിസ്തു ആണ് ആളുകളെ രക്ഷിക്കുന്നത്. സഭയെ വീണ്ടെടുത്തത് അവനാണ്. ആ സഭക്കുവേണ്ടി മരിച്ചത് കർത്താവാണ് (എഫെസ്യർ 5: 23,27). ഈ ലോകത്തിലും വരുവാനുള്ള ലോകത്തിലും നാം രക്ഷിക്കപ്പെടുവാൻ കർത്താവിനെ അനുസരിക്കണം. അങ്ങനെ രക്ഷിക്കപ്പെട്ടവരെ അവൻ തൻെറ സഭയിലേക്ക് അഥവാ രാജ്യത്തിലേക്ക് ചേർക്കുന്നു. അന്നു ദൈവരാജ്യം അല്ലെങ്കിൽ സഭയെ കുറിച്ച് പ്രസംഗിക്കേണ്ടിയിരുന്നു. ഇന്നും അതേ വിഷയം പ്രസംഗിക്കേണ്ടതാണ്. കാരണം അന്നത്തെപോലെ ആളുകൾ പാപത്തിൽ ജീവിക്കുന്നു. അതിൽ നിന്നുള്ള മോചനം ഇന്നും ആളുകൾക്ക് ആവശ്യമാണ്. അവൻെറ രാജ്യത്തിലേക്ക് അഥവാ സഭയിലേക്ക് പ്രവേശനം ഇന്നും ലഭ്യമാണ്. ഏക വഴിയുമാണ് ഉള്ളത്.

സഭയെക്കുറിച്ച് അറിവില്ലാത്ത ഒരാൾ അതിലേക്കുള്ള പ്രവേശനം എങ്ങനെ എന്ന് അറിയാത്തതുകൊണ്ട് രക്ഷ പ്രാപിക്കുന്നില്ല. മററുള്ളവർ രക്ഷിക്കപ്പെട്ടു എന്നു പറഞ്ഞതുകൊണ്ടോ ദുരുപദേഷ്ടാക്കന്മാരുടെ പ്രലോഭനങ്ങളിൽ വിശ്വസിച്ചതുകൊണ്ടോ ഇത് സാധിക്കുന്നില്ല. മറിച്ച് ദൈവത്താലുള്ള പരിജ്ഞാനമാണ് ഇതിന് ആവശ്യം. അത് തിരുവെഴുത്തിൽ പറഞ്ഞിട്ടുള്ള സത്യത്തെ മനസിലാക്കി വേണം ഗ്രഹിക്കുവാൻ. ഒരാൾ വചനപ്രകാരം രക്ഷിക്കപ്പെട്ടാൽ അയാൾ ക്രിസ്തുവിൻെറ സഭയിൽ ആയിരിക്കും. നാമധേയ വിഭാഗങ്ങളുടെ പ്രമാണങ്ങൾ അനുസരിച്ചാൽ നാമധേയവിഭാഗങ്ങളിൽ അംഗമായിതീരും. ദൈവം ആഗ്രഹിക്കുന്നത് എല്ലാവരും ക്രിസ്തുവിൻെറ രാജ്യമാകുന്ന സഭയിൽ ആയി നിഷ്ക്കളങ്കരായി ജീവിക്ക

ണ്ടമെന്നാണ്. ഒരാൾ കർത്താവിൻെറ സഭയിൽ അല്ല എങ്കിൽ അയാൾ രക്ഷിക്കപ്പെട്ടിട്ടില്ല. രക്ഷിക്കപ്പെട്ടു എന്നു പറയുകയും മറെറാരു സഭയിൽ ആണെന്നു സമ്മതിക്കുകയും ചെയ്താൽ അത് വിരോധാഭാസമാണ്. ആ രക്ഷ ദൈവത്താലുള്ളതല്ല. കർത്താവിനെ സ്വീകരിക്കയും അവൻെറ സഭയെ സംബന്ധിച്ച് യാതൊന്നും അറിയാതെ ഒരാൾക്കു ഇരിക്കാൻ നിർവ്വാഹമില്ല. അതുപോലെ ക്രിസ്തുവിനെക്കുറിച്ചോ അവൻെറ സഭയെക്കുറിച്ചോ അറിവില്ലാതെ യാദൃശ്ചികമായി അവൻെറ സഭയിലേക്കു പ്രവേശിക്കാനും സാദ്ധ്യമല്ല. കർത്താവിലും അവൻെറ ഉപദേശങ്ങളിലും വിശ്വസിച്ച് രക്ഷ പ്രാപിക്കുവാനുള്ള അവൻെറ നിബന്ധനകൾ അനുസരിച്ച് രക്ഷിക്കപ്പെട്ടാലേ ഒരാൾക്ക അവൻെറ സഭയിൽ പ്രവേശനമുള്ളു.

ക്രിസ്തുവിനെ കുറിച്ചും അവൻെറ സഭയെ കുറിച്ചും പ്രസംഗിക്കുമ്പോൾ നാം എന്താണ് ചെയ്യുന്നത് ? സർവ്വലോകത്തിൻേറയും പാപത്തിനായി ദൈവപുത്രനായ യേശുക്രിസ്തു ക്രൂശിൽ മരിച്ചു എന്ന് നാം വിവക്ഷിക്കുകയാണ് (യോഹന്നാൻ 3:16-17). ദൈവരാജ്യമാകുന്ന സഭയെ പററി പ്രസംഗിക്കുമ്പോൾ സഭയിൽ ആയിത്തീർന്നാൽ സഭ രക്ഷിക്കും എന്നല്ല വിവരിക്കുന്നത്. മറിച്ച് ബൈബിളിൽ ഏകസഭയേ പറഞ്ഞിട്ടുള്ളു എന്നും ആ സഭയുടെ പ്രാധാന്യം ദൈവം അരുളിച്ചെയ്തിരിക്കുന്നതിനെ കുറച്ചു കാണരുതെന്നുമാണ് ഞങ്ങളുടെ അപേക്ഷ. ദൈവത്തെ അനുസരിക്കുന്നവർ മാത്രമാണ് രക്ഷ പ്രാപിക്കുന്നവരെന്നും അങ്ങനെ രക്ഷിക്കപ്പെടുന്നവരെയാണ് കർത്താവിൻെറ സഭയിൽ ചേർക്കുന്നതെന്നും ആളുകൾ അറിഞ്ഞിരിക്കണം. അവസാനത്തോളം ക്രിസ്തുവിനോടു വിശ്വസ്തത പുലർത്തി ജീവിച്ചാൽ അവൻ വീണ്ടും വരുമ്പോൾ അവരെ ചേർത്തുകൊള്ളുകയും ചെയ്യും. അവസാനം അവൻെറ ജനമായ, സഭയാകുന്ന രാജ്യത്തെ സ്വർഗ്ഗത്തിലേക്കു നയിച്ച് അവിടെ അവർക്കു കർത്താവിനോടു കൂടെ എന്നേക്കും വസിക്കാം.

ക്രിസ്തുവിന്റെ സഭയെ നിങ്ങൾ എതിർക്കുന്നുവെങ്കിൽ ക്രിസ്തുവിനെയാണ് എതിർക്കുന്നതെന്നു മനസ്സിലാക്കുക. ശൗൽ ഒന്നാം നൂററാണ്ടിൽ കർത്താവിന്റെ സഭയെ ഉപദ്രവിച്ചപ്പോൾ കർത്താവ് പറഞ്ഞതു അവൻ കർത്താവിനെയാണ് ഉപദ്രവിക്കുന്നതെന്നാണ് (പ്രവൃത്തി 9). ആകയാൽ നിങ്ങൾ ക്രിസ്തുവിനെ സ്വീകരിക്കുന്നുവെങ്കിൽ അവന്റെ ശരീരമാകുന്ന ഈ ഭൂമിയിലെ ആത്മിയ ഭവനമാകുന്ന സഭയെയും അംഗീകരിക്കണം. അവൻ ആ സഭയെ സ്നേഹിക്കുന്നതു പോലെ നാമും സ്നേഹിക്കണം. നാം കർത്താവിനെ പ്രസാദിപ്പിക്കുന്നവരാണെങ്കിൽ അവന്റെ സഭയിലെ അംഗങ്ങളായി തീർന്നു സത്യസന്ധമായ ക്രിസ്തീയ ജീവിതം തികക്കും.

★

# വഴിയിൽ വീണുപോകരുത്

**W. A. ഹോളെ**

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

യേശുക്രിസ്തുവിൽ വിശ്വസിച്ച്, വചനപ്രകാരം മാനസാന്തരപ്പെട്ട് ക്രിസ്തു ദൈവപുത്രനാണെന്ന് ഏററു പറഞ്ഞ് പാപമോചനത്തിനായി ക്രിസ്തുവിന്റെ നാമത്തിൽ മുങ്ങൽസ്നാനം ഏല്ക്കുന്നവരെ അവൻ രക്ഷിക്കയും അവന്റെ സഭയോടു ചേർക്കുകയും ചെയ്യുന്നു (പ്രവൃത്തി 2:36-47; വെളിപാട് 2:10). അങ്ങനെ അനുസരിക്കുന്നവർ അന്യന്മാരും പരദേശികളും അല്ല, ദൈവത്തോടു സംബന്ധമുള്ളവരും സഹപൗരന്മാരും ദൈവത്തിന്റെ ഭവനവുമായി തീരുന്നു (എഫെസ്യർ 2:19;ഫിലിപ്പിയർ 3:20).

ക്രിസ്തീയ സ്നേഹിതരേ, നിങ്ങൾ സ്വർഗ്ഗത്തിലേക്കുള്ള വഴിയിൽ സഞ്ചരിക്കുകയാണ്. വഴിയിൽ ശണ്ഠ

അരുത്. ലക്ഷ്യം തെററിപ്പോകാൻ ഇടയുണ്ട്. ദൈവത്തിൽ ഉള്ള വിശ്വാസത്തെ കാത്തുകൊള്ളുന്നവരെ ദൈവം സൂക്ഷിക്കും (2തിമൊഥെയോസ് 1:12). ഒരിക്കൽ കൃപ യിലായാൽ പിന്നെ അതു നഷ്ടമാകയില്ല എന്ന ധാരണ ചിലർക്കുണ്ട്. നഷ്ടപ്പെടുന്നതാണ് കൃപയെന്ന കാര്യം ഓർമ്മിപ്പിക്കുന്നു. ഈ ലോകത്തെ സ്നേഹിച്ച് ദൈവകൃപ വിട്ടുപോയവരെ വചനം എടുത്തു കാണിക്കുന്നു. (1തിമൊഥെയോസ് 1:19,20). ദൈവരാജ്യം പാപികൾക്കുള്ളതല്ല. ജഡികജീവിതം നയിച്ച് ആത്മാവിനെ തള്ളിക്കളയുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല.

ഭിന്നത ഇന്നു നിലനില്ക്കുന്ന ഒന്നാണല്ലോ. ക്രിസ്ത്യാനിത്വം നൂററുണ്ടുകളായി അറിയപ്പെടുന്നു. ദൈവം വെറുക്കുന്ന ഒന്നാണ് ഭിന്നത. എന്നിട്ടും ആളുകൾ ഛിന്നഭിന്നമായി കഴിയുന്നു. ക്രിസ്തുവിൽ വിശ്വസിക്കുന്നവർ എല്ലാവരും യോജിക്കണം. ക്രിസ്തുവിന്റെ പ്രാർത്ഥനയും അപ്പൊസ്തലന്മാരുടെ പ്രവർത്തനങ്ങളും അതിനു വേണ്ടിയായിരുന്നു. അന്യോന്യം തമ്മിലടിച്ച് കലഹിച്ച് ലക്ഷ്യം നഷ്ടപ്പെടുത്തരുത്.

ഭയം, സംശയം, ജീവിതത്തിലെ അനിശ്ചിതത്വം എന്നിവയാൽ ജീവിതക്കടലിൽ നിങ്ങൾ മുങ്ങിപ്പോകരുത്. ആത്മാവെന്ന നങ്കൂരം ഇട്ട് ഉറപ്പിക്കണം. പ്രത്യാശ നൽകുമെന്ന വാഗ്ദാനം ഉറപ്പുള്ളതാക്കണം. അവിശ്വസിക്കരുത്; സംശയിക്കയുമരുത്. അവസാനത്തോളം സഹിച്ചും ഉറച്ചും നിൽക്കണം. ന്യായവിധി നാളിൽ ദൈവ മുൻപാകെ നില്പാൻ നമുക്ക് ധൈര്യമുണ്ടാകണം. നിയന്ത്രിക്കാനാവാത്ത നാവും, കോപവും നിമിത്തം പലരും വിഷമിക്കുന്നുണ്ട്. ലക്ഷ്യം തെററിക്കുന്നവയാണ് ഇവ എന്ന് നാം ഓർമ്മിക്കണം. കോപിച്ചാൽ പാപം ചെയ്യാതിരിപ്പിൻ. നാവിനെ സൂക്ഷിച്ച് ഉപയോഗിക്കുക. അസൂയയും സഹോദരപ്രീതിയില്ലായ്മയും നമ്മിൽ ഉണ്ടാകരു

ത്. അതു നമ്മെ ആത്മീയമായി നശിപ്പിക്കും, വഴി തെററിച്ചു കളയും. ഇവയെല്ലാം പിശാചിന്റെ ആയുധങ്ങളാണ്. ഇവയെല്ലാം വലിച്ചെറിഞ്ഞ് ദൈവത്തിന്റെ സർവ്വായുധ വർഗ്ഗം ധരിച്ചുവേണം നാം പോരാടുവാൻ. നമ്മുടെ മാർഗ്ഗമദ്ധ്യേ യാതൊരുവിധ തടസവും ഉണ്ടാക്കാതെ നാം നമ്മെത്തന്നെ സൂക്ഷിക്കുക.

ക്രിസ്ത്യാനികൾ എന്ന പേരു പറഞ്ഞുകേൾക്കുമ്പോൾ അതിൽ നാമധേയവിഭാഗങ്ങളെ എല്ലാം ഉൾപ്പെടുത്തുന്ന ഒരു പ്രവണത കാണപ്പെടുന്നുണ്ട്. ഇത് ശരിയായിരിക്കയില്ല. കാരണം ആരാണ് ക്രിസ്ത്യാനി എന്ന് നിർവ്വചിക്കുമ്പോൾ, വചനപ്രകാരം അവനെ അനുഗമിക്കുന്നവരാണ് ക്രിസ്ത്യാനികളെന്നു തെളിയും. വ്യാജഡിഗ്രിയിൽ അറിയപ്പെടുന്നവരെപ്പോലെ യഥാർത്ഥ യോഗ്യതകൾ ഇല്ലാത്തവരെ അഥവാ ക്രിസ്ത്യാനികൾ അല്ലാത്തവരെ പേരിൽ മാത്രം അറിയപ്പെട്ടാൽ അവർ വ്യാജന്മാർ എന്നേ പറയാൻ പററു. പക്ഷെ ചിലർക്ക് ഇത് കേൾക്കുമ്പോൾ ദേഷ്യം തോന്നാം. പക്ഷെ പരമാർത്ഥം പറയാതെ വയ്യല്ലൊ. പുതിയനിയമത്തിൽ ക്രിസ്തു പ്രതിപാദിച്ചിട്ടുള്ള നിബന്ധനകൾ പൂർത്തിയാക്കിയവർ മാത്രമാണ് യഥാർത്ഥ ക്രിസ്ത്യാനികൾ. ഇത് പരിശോധിക്കാവുന്നതാണ്. ക്രിസ്തുവാണ് നമ്മെ രക്ഷിക്കുന്നത്; അവനാണ് നമ്മെ സഭയോട് ചേർക്കുന്നത്. അപ്പോൾ അവന്റെ നാമം മാത്രം എടുത്താൽ എങ്ങനെ ന്യായീകരിക്കാം ?

അല്പജ്ഞാനം അപകടം വരുത്തിവെക്കും. ചില തത്വങ്ങൾ സ്വീകരിക്കയും മററുള്ളവ തീർത്തും അവഗണിക്കുകയും ചെയ്യുന്നവർ ക്രിസ്തുവിന്റെ പേരിൽ അറിയപ്പെട്ടാലും അത് അന്യായം തന്നെ. ദുരുപദേശത്തിന്റെ ചുഴിയിൽ പെട്ട് കലക്കത്തിലായിരിക്കുന്ന നമ്മുടെ സ്നേഹിതന്മാരോട് നമുക്കു പറയുവാനുള്ളത് അവർ സത്യത്തെ സ്നേഹിക്കയും അനുസരിക്കയും വേണം എന്നതാണ്.

ക്രിസ്തുവിന്റെ സഭ എന്നത് ഒരു പുതിയ സഭയല്ല, നാമധേയവിഭാഗവുമല്ല എന്ന് തിരിച്ചറിവിലേക്ക് അവർ വരണം. തിരുവെഴുത്തുകളെ അവർ പരിശോധിക്കുവാനും നല്ലതു മുറുകെ പിടിക്കുവാനും അവർ മനസ്സു കാണിക്കണം. ലളിതമായ കർത്താവിന്റെ കല്പനകൾ പൂർണ്ണമായി വിശ്വസിക്കയും പൂർണ്ണമായി അനുസരിക്കുകയും ചെയ്യുക. ഇതിനപ്പുറമായ ഫലനമേറിയ കാര്യങ്ങൾ ഒന്നും ദൈവം പറയുന്നില്ല. പക്ഷെ അതു സ്വീകരിക്കുവാൻ എല്ലാവർക്കും താഴ്മയാണ് വേണ്ടത്. ഇന്നത്തെ മനുഷ്യർക്കു ക്രിസ്ത്യാനിത്വം തടസമാണെങ്കിൽ അതു നാമധേയ വിഭാഗങ്ങൾ ആയിരിക്കും. കർത്താവിനും അവന്റെ ഉപദേശങ്ങൾക്കും ഇടർച്ചയായി നില്ക്കുന്നതും ഈ കൂട്ടങ്ങൾ തന്നെ.

സത്യത്തെ അസത്യമായി കാണുകയും അസത്യത്തെ സത്യമായി മുറുകെ പിടിച്ചിരിക്കയും ചെയ്തിരിക്കുന്നവരാണ് മതവിഭാഗങ്ങളെല്ലാം. അവർക്കിടയിൽ ആത്മാർത്ഥത സമുദായത്തോടു കാണാം. പക്ഷെ ദൈവത്തോടില്ല എന്നത് അവശ്യമായി തുറന്നു സംസാരിക്കുമ്പോൾ അറിയണം. വിവരവും വിദ്യാഭ്യാസവുമുള്ള എത്രയോ പേർ ഉൾക്കൊള്ളുന്ന അവരെല്ലാം തെറ്റിലാണെന്നു സമ്മതിക്കാൻ പ്രയാസപ്പെടുന്നവരുണ്ട്. ലൗകികമായ അറിവും വിവരവും ആത്മീയ കാര്യങ്ങളിൽ അവർ ഉപയോഗിക്കുന്നില്ല എന്നതാണ് പരമാർത്ഥം. ദൈവിക കാര്യങ്ങളെ ഗ്രഹിക്കണമെന്ന ഉദ്ദേശത്തോടെ അവർ മുന്നോട്ടു വരുന്നില്ല. ക്രിസ്ത്യാനികളായി തീർന്നശേഷം പല കാരണങ്ങൾ കൊണ്ടു നാമധേയ വിഭാഗങ്ങളിലേക്കു നാണം കെട്ടു പോകുന്നവരുണ്ട്. അവർ തങ്ങളെക്കുറിച്ചോ, കർത്താവിന്റെ പരിശുദ്ധമായ രക്തത്തെ കുറിച്ചോ വിവേചിക്കുന്നില്ല. ഭൗതികമായ കാര്യസാദ്ധ്യത്തിനു വേണ്ടിയാണ് അവർ അങ്ങനെ ചെയ്യുന്നത്. അവർ തങ്ങളുടെ തിരിച്ചറിയാവുന്ന തെളിവുപോലും നഷ്ടപ്പെടുത്തിയിരിക്കുകയാണ്.

എവിടെയായിരുന്നാലും ദൈവം അത് അംഗീകരിക്കും എന്ന തോന്നലുകൾ ഉണ്ട്. അത് ശരിയല്ല. ആയിരിക്കുന്ന വിഭാഗങ്ങളിൽ വിശ്വസ്തരായി ജീവിച്ചാൽ മതിയെന്ന സ്വയവാദത്തിൽ ഊന്നിനില്ക്കുവാൻ അവർ ശ്രമിക്കുകയാണ്. അങ്ങനെയാണെങ്കിൽ യേശുക്രിസ്തു തന്റെ ശിഷ്യന്മാരോട് ഭൂലോകത്തിൽ ഒക്കെയും പോയി സുവിശേഷം പ്രസംഗിക്കാൻ പറയേണ്ട കാര്യമില്ലായിരുന്നല്ലോ. കർത്താവിന്റെ കല്പനകൾ പ്രമാണിക്കേണം എന്നും അത് മററുള്ളവരെ പഠിപ്പിക്കണമെന്നു പറയേണ്ട ആവശ്യം ഇല്ലായിരുന്നല്ലോ. മുട്ടുന്യായങ്ങൾ നിരത്തി അവരവരെ ന്യായീകരിക്കുന്നതു അവസാനിപ്പിക്കണം. എന്തായാലും തെററുപററി. ഇനി അതു തിരുത്തി ജീവിക്കാം എന്നു തീരുമാനിക്കണം. താല്ക്കാലികനേട്ടത്തേക്കാൾ നിത്യമായ നേട്ടത്തെ കണക്കിലെടുക്കണം. താല്ക്കാലിക കഷ്ടങ്ങൾ ഏറെറടുത്ത് നിത്യ ശിക്ഷാവിധി ഒഴിവാക്കണം. ദൈവം നമ്മെ സ്വീകരിക്കേണ്ടതിന് എന്താണ് ചെയ്യേണ്ടത് എന്ന് തിരിച്ചറിയുക. മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിച്ച് പാപമോചനത്തിനായി ഓരോരുത്തർ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേല്ക്കുക. അതാണ് ശിഷ്യത്വത്തിനുള്ള കർത്താവിന്റെ നിബന്ധന: അത് അങ്ങനെതന്നെ കൈക്കൊണ്ടുകഴിയുമ്പോൾ അവൻ നിങ്ങളെ അവന്റെ സഭയോടു ചേർത്തുകൊള്ളും. അങ്ങനെ ആ ഏക സഭയിൽ നിങ്ങൾ വിശ്വാസത്തോടെ, അനുസരണത്തോടെ അവസാനം വരെ ജീവിച്ചാൽ ഫലം നിത്യ ജീവനായിരിക്കും. അത് ദൈവത്തോടു കൂടെയുമായിരിക്കും. അല്ലെങ്കിൽ ഫലം നിത്യനരകമായിരിക്കും. അത് പിശാചിനോടു കൂടെയായിരിക്കും. ഏതു വേണമെങ്കിലും നിങ്ങൾക്കു തെരഞ്ഞെടുക്കാം.

★

# പാപമോചനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ

## വിൽഫ്രെഡ് ക്ലാർക്ക്

പുതിയനിയമത്തിൽ ഈ പദസമുച്ചയം പത്തു സന്ദർഭങ്ങളിൽ പ്രത്യക്ഷപ്പെടുന്നതായി നിങ്ങൾക്കു കാണാം. പ്രധാനപ്പെട്ട മററു പല വിഷയങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്നതാണിത്. പ്രാമുഖ്യമേറിയ ഈ വിഷയത്തെ കൂടുതലായി ഗ്രഹിക്കുവാൻ കൂടുതൽ സമയമെടുത്തു ചിന്തിക്കേണ്ടതും പഠിക്കേണ്ടതും ഉണ്ട്. ഒരു കാര്യത്തെ സൂക്ഷ്മമായി പരിശോധിക്കുകയും അതുപോലുള്ള മററു കാര്യങ്ങൾ സാദൃശ്യപ്പെടുത്തി അതിൽനിന്നു നമുക്ക് നല്ല ഗുണപാഠങ്ങൾ പഠിക്കുവാൻ കഴിയും എന്നോർക്കണം. ഏതുപോലെ എന്നാൽ ഒരാളുടെ സഹവർത്തിത്വം ആരുമായിട്ടാണോ അയാളുടെ കൂട്ടുകെട്ടിൽ നിന്നും പലതും പഠിക്കാൻ സാധിക്കും.

മോചനം എന്നു വാക്കിൻെറ യഥാർത്ഥ അർത്ഥവും ചിത്രവും നമ്മുടെ മനസിൽ ആദ്യമായി പതിയേണ്ടത് അനിവാര്യമാണ്. ''പിരിച്ചുവിടൽ'', ''തുറന്നുവിടൽ'' ''പാപമോചനം'' എന്നിങ്ങനെ ഇതിനെ നിർവചിക്കാവുന്നതാണ്. തടവിൽ നിന്നു ഒരാളെ വിട്ടയക്കുന്നതുപോലെ എന്നു പറയാം. പാപത്തിൻെറ തടവറയിൽ നിന്നുള്ള വിടുതൽ ആണിത്. അടിമത്വത്തിൽ നിന്നുള്ള സ്വാതന്ത്ര്യമാണ്. ശിക്ഷ ഒഴിവാക്കൽ ആണ് വാസ്തവത്തിൽ ഇവിടെ നടക്കുന്നത്. കൊടുത്തു തീർക്കേണ്ട പിഴ ഒഴിവായി കിട്ടുന്നു എന്നർത്ഥം. പാപവുമായ ബന്ധത്തിൽ നിന്നും പൂർണ്ണമായ ഒരു പിരിച്ചുവിടൽ നടക്കുകയാണ് ഇതിൽ. ക്ഷമാപണം നടത്തുവാനുള്ള അധികാരം ദൈവത്തിനാണ്. അല്ലാതെ മനുഷ്യർക്ക് ആർക്കും അല്ല.

## 1. മോചനവുമായി ബന്ധപ്പെട്ടതാണ് ക്രിസ്തുവിന്റെ ക്രൂശ്

തന്റെ ശിഷ്യന്മാരുമായി യേശു സംഭാഷണം നടത്തുന്ന സന്ദർഭമായിരുന്നു അത്. അന്ന് അവൻ കർത്തൃമേശ സ്ഥാപിച്ചുകൊടുത്ത ദിവസവുമായിരുന്നു. അപ്പോൾ അവൻ പറയുന്നു: ''ഇത് അനേകർക്കു വേണ്ടി പാപമോചനത്തിനായി ചൊരിയുന്ന പുതിയ നിയമത്തിനുള്ള എന്റെ രക്തം'' (മത്തായി 26:28). യേശുവിന്റെ മനസ്സിൽ അപ്പോൾ ക്രൂശിലെ മരണമായിരുന്നു ഉണ്ടായിരുന്നത് എന്ന് ആരും നിഷേധിക്കയില്ല. താൻ മരിക്കുന്നതിന് തലേദിവസമാണ് ഇങ്ങനെ പ്രതിവചിക്കുന്നത്. ക്രൂശിൽ മരിക്കുമ്പോൾ ചിന്തുവാനിരിക്കുന്ന രക്തത്തെ മുൻകൂട്ടി അറിയിച്ചിരിക്കയാണ്. ആ രക്തത്തിന്റെ ആവശ്യകത പൗലൊസ് പിന്നീട് പ്രസ്താവിച്ചിരിക്കുന്നു. ''അവൻ ക്രൂശിൽ ചൊരിഞ്ഞ രക്തം കൊണ്ട് അവൻ മുഖാന്തരം സമാധാനം ഉണ്ടാക്കി, ഭൂമിയിലുള്ളതോ സ്വർഗ്ഗത്തിലുള്ളതോ സകലത്തേയും അവനെക്കൊണ്ടു തന്നോടു നിരപ്പിപ്പാനും പിതാവിനു പ്രസാദം തോന്നി'' (കൊലൊസ്സ്യർ 1:20). ക്രൂശും രക്തവുമായി ബന്ധപ്പെട്ടു കിടക്കുന്നതു പോലെ, രക്തവും പാപമോചനവുമായി ബന്ധപ്പെട്ടു കിടക്കുന്നു. അനേകർക്കു വേണ്ടി ചിന്തപ്പെട്ട രക്തമാണ് എന്നു കർത്താവു തന്നെ പ്രവചിച്ചിട്ടുണ്ടല്ലൊ.

രക്തം കൂടാതെ വിമോചനം അസാദ്ധ്യമാണെന്നു എബ്രായലേഖകൻ രേഖപ്പെടുത്തിയിട്ടുണ്ട്. ''ന്യായപ്രമാണ പ്രകാരം ഏകദേശം സകലവും രക്തത്താൽ ശുദ്ധീകരിക്കപ്പെടുന്നു; രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല'' (എബ്രായർ 9;12). ' ക്രൂശിലെ രക്തം പാപമോചനത്തിനു ഒഴിച്ചുകൂടാത്ത ഘടകമായി തീർന്നു എന്നു പറയാം. യേശു ക്രൂശിൽ ചൊരിഞ്ഞ രക്തത്തെ മാററി നിർത്തിയാൽ പാപമോചനമില്ല എന്നു തീർച്ചയാ

ക്കാം. കാരണം ദൈവ പദ്ധതിയിൽ ഈ രക്തമാണ് സകല പാപങ്ങൾക്കും പ്രായശ്ചിത്തമായി തീർന്നത്. പൌലൊസ് ഇതു മനസിലാക്കിയതുകൊണ്ട് പ്രസ്താവിച്ചതു ശ്രദ്ധിക്കുക. "അവനിൽ (ക്രിസ്തുവിൽ) പാപമോചനമെന്ന വീണ്ടെടുപ്പ് ഉണ്ട്" (കൊലൊസ്യർ 1:14). ജീവനുള്ള രക്തമാണ് യേശുവിൻെറ ശരീരത്തിലൂടെ ഒഴുകിയത്. ആ രക്തത്തിൻെറ വിലയെക്കുറിച്ച് പത്രൊസ് വിവരിക്കുന്നുണ്ട്. "വ്യർത്ഥവും പിതൃപാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽ നിന്നു നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത് പൊന്ന്, വെള്ളി മുതലായ അഴിഞ്ഞു പോകുന്ന വസ്തുക്കളെക്കൊണ്ടല്ല, ക്രിസ്തുവെന്ന നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിൻെറ വിലയേറിയ രക്തം കൊണ്ടത്രെ" (1പത്രൊസ് 1:18,19). പാപമോചനത്തിൻെറ വില അത്രമാത്രം വലുതായിരുന്നു.

## 2. മോചനത്തിനു പുതിയ നിയമം ബന്ധപ്പെട്ടിരിക്കുന്നു

യേശു പ്രസ്താവിച്ച വാക്കുകളെ മത്തായി രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധയോടെ വായിച്ചാൽ പാപമോചനവും പുതിയനിയമവും തമ്മിൽ എങ്ങനെ സംയോജിപ്പിച്ചിരിക്കുന്നു എന്നു കാണാം. പുതിയ നിയമത്തിൻെറ ഉദ്ദേശം തന്നെ അത് വെളിപ്പെടുത്തുന്നുണ്ട്. ഞാൻ മുമ്പു സൂചിപ്പിച്ച വാക്യം നോക്കിയാൽ അനേകർക്കു വേണ്ടി ചൊരിയുവാനുള്ള പുതിയനിയമ രക്തമാണ് അത് എന്ന് വ്യക്തമാകും. പുതിയനിയമം പ്രാബല്യത്തിൽ വരുവാൻ യേശുവിൻെറ മരണം ആവശ്യമായി വന്നു. യേശുവിൻെറ രക്തത്തെക്കുറിച്ച് എബ്രായ ലേഖകൻ വിവരിച്ചിരിക്കുന്നത് നിത്യനിയമത്തിൻെറ രക്തമായിട്ടാണ്. കൊരിന്ത്യർക്കു ലേഖനമെഴുതുമ്പോൾ പൌലൊസ് അവരെ ഓർമ്മിപ്പിക്കുന്നത് കർത്താവ് കല്പിച്ച വ്യവസ്ഥകളാണ്. പുതിയനിയമത്തെ ഉറപ്പിച്ച രക്തം പാപമോചനത്തിനു വേണ്ടിയാണ് ഇന്നും നിലകൊള്ളുന്നത്. പുതിയ

നിയമത്തിൻെറ ഉടയവനായ കർത്താവിൻെറ രക്തം സകല മനുഷ്യർക്കും പാപപരിഹാരം നല്കുവാൻ പര്യാപ്തമാണ്. അത് പ്രയോജനപ്പെടുത്തുവാൻ തയ്യാറാകുന്നവർക്കു ലഭ്യവുമാണ്. പാപത്തിൻെറ ശിക്ഷയാണല്ലൊ മരണം; അതു നീങ്ങിപ്പോകുവാൻ ക്രിസ്തു മരിച്ചു. അതുമായി ബന്ധപ്പെട്ടു കിടക്കുന്ന പാപമോചനം എത്ര പേർക്ക് അനുഭവിക്കാൻ കഴിയുന്നുണ്ട്? നിങ്ങൾ അവൻെറ രക്തവുമായി ബന്ധപ്പെട്ടാൽ നിങ്ങൾക്കും ലഭിക്കും.

### 3. മോചനത്തിനു നിബന്ധനകൾ ഉണ്ട്

നിബന്ധനകൾ ഇല്ലെങ്കിൽ പോലും അതു മനുഷ്യനാൽ ഉണ്ടാക്കുന്നത് അനുചിതം തന്നെ. ദൈവത്താൽ അവ നല്കപ്പെട്ടിരിക്കുമ്പോൾ അവയെ കണ്ടില്ലെന്നു നടിക്കുന്നത് ധിക്കാരം തന്നെ. അപ്പൊസ്തലന്മാരോട് യേശു പറഞ്ഞ പ്രസ്താവനയും നാം കണക്കിലെടുക്കണം. "ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുവോ അവർക്കു മോചിക്കപ്പെട്ടിരിക്കുന്നു; ആരുടെ പാപങ്ങൾ നിർത്തുന്നുവോ അവർക്കു നിർത്തിയിരിക്കുന്നു എന്നു പറഞ്ഞു (യോഹന്നാൻ 20:23). മറ്റൊരു ഭാഗത്തു രേഖപ്പെടുത്തിയിരിക്കുന്നത് വായിക്കാം. "ക്രിസ്തു കഷ്ടം അനുഭവിക്കയും മൂന്നാം നാൾ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേൽക്കയും അവൻെറ നാമത്തിൽ മാനസാന്തരവും പാപമോചനവും യെരുശലേമിൽ തുടങ്ങി സകല ജാതികളിലും പ്രസംഗിക്കയും വേണം എന്നിങ്ങനെ എഴുതിയിരിക്കുന്നുവല്ലൊ (ലൂക്കൊസ് 24:46-47).

ആകയാൽ അപ്പൊസ്തലന്മാർ, പാപങ്ങൾ മോചിച്ചുകൊടുക്കേണ്ടിയിരുന്നു. മാത്രമല്ല, പാപമോചനവും മാനസാന്തരവും അവർ പ്രസംഗിക്കയും വേണമായിരുന്നു. അതു യെരുശലേമിൽ തുടങ്ങുകയും ചെയ്യണമായിരുന്നു.

★

(ശേഷം അടുത്ത ലക്കത്തിൽ)

കവിത

# ജീവിത വഞ്ചി

E. K. കുഞ്ഞുകുഞ്ഞ്, തേപ്പുപാറ

ജീവിത വഞ്ചിയതോടുന്നു വേഗമായ്,
ചക്രവാളത്തിനും അപ്പുറമെത്തുവാൻ
നേരം ജനിക്കുമേ കാലം കടക്കുമേ,
വഞ്ചിയുമെത്തുമേ തട്ടിയും മുട്ടിയും.

ഭാരം പേറുന്നുള്ള വഞ്ചിയെ നോക്കിക്കൊ,
ണ്ടൊരോ പുലമ്പിച്ചിരിച്ചു നിന്നീടിനാൻ.
കല്ലിലും കേടായ നെഞ്ചകമുള്ളവർ
കുത്തി തുളയ്ക്കുന്ന വാക്കുകളാലവേ.

കൊല്ലാതെകൊല്ലുന്ന ജീവവഞ്ചിയെ
ചുറ്റാൻ മടിക്കുന്നതെന്തു നീ വഞ്ചിയെ.
എങ്ങു നീ വന്നതെന്നോടു ചൊല്ലുമോ
എങ്ങോട്ടു പോകുന്നെന്നാരറിയുന്നഹോ.

ചക്രവാളത്തിനും അപ്പുറമെത്തുവാൻ,
വെമ്പൽപിടിക്കുന്ന ഓടുന്ന മാനുഷാ,
എങ്ങു നീ പോകുമെന്നാരറിയുന്നഹോ,
സൃഷ്ടികർത്താവിനോ നന്നായറിയുമേ.

കാണുന്നതൊക്കെയും വെട്ടിപ്പിടിക്കുവാൻ,
ആശിച്ചു മോഹിച്ചു പോയൊരു വഞ്ചിയോ.
ഗ്രാമവും കടന്നവൻ പിന്നെയും ഓടുന്നു,
പാശ്ചാത്യ നാട്ടിലോ ചുറ്റിക്കറങ്ങുന്നു.

ജീവന്റെ താതനെ ഓർക്കാൻ മറന്നവർ,
ആടിത്തിമിർത്തവരാകിയടങ്ങുന്നു.
പുല്ലിലെ പൂ പോലെ വാടിയ വഞ്ചിയേ,
ചുറ്റാൻ മടിക്കുന്നതെന്തു നീ വഞ്ചിയേ ?

എൺപതതാകുമ്പോഴാശയും തീരുമേ
ജീവിത വഞ്ചിയോ തീരത്തടുക്കുമേ
ചക്രവാളത്തിനും അപ്പുറമെത്തുമേ
എന്നേശുമന്നനെ അന്നു ഞാൻ കാണുമേ.

*

# ദൈവ കോപം

## ജോണി രാംസെ

വരുവാനുള്ള മശിഹയെ മനോഹരമായി കാവ്യാത്മകമായി അവതരിപ്പിച്ച യെശയ്യാവ്, പാപത്തിന്റെ ശമ്പളത്തേയും നാടകീയമായി ചിത്രീകരിച്ചിട്ടുണ്ട്. അവന്റെ മുന്നറിയിപ്പിന്റെ വാക്കുകൾ ദൈവത്തിന്റെ കോപംനിറച്ച പാനപാത്രത്തിൽ തന്റെ പേന മുക്കി എഴുതിയതായി തോന്നും. ''പാപത്തോടു പാപം കൂട്ടുവാൻ തക്കവണ്ണം എന്നെക്കൂടാതെ ആലോചന കഴിക്കയും എന്റെ ആത്മാവിനെ കൂടാതെ സഖ്യത ചെയ്കയും ഫറവോന്റെ സംരക്ഷണയിൽ തങ്ങളെത്തന്നെ സംരക്ഷിക്കേണ്ടതിനും മിസ്രയീമിന്റെ നിലയിൽ ശരണം പ്രാപിക്കേണ്ടതിനും എന്റെ അരുളപ്പാട് ചോദിക്കാതെ മിസ്രയീമിലേക്കു പോകയും ചെയ്യുന്ന മത്സരമുള്ള മക്കൾക്ക് അയ്യോ കഷ്ടം എന്ന് യഹോവ അരുളിച്ചെയ്യുന്നു'' (യെശയ്യാവ് 30:1-2). കർത്താവിന്റെ ശത്രുക്കൾക്കു നേരിടുന്ന അവസാനിക്കാത്ത യാതന വെളിപ്പെടുത്തിയിരിക്കുന്നതു ഇതിനോടു ഒക്കുന്നു. രാജാവിന്റെ ബിംബത്തെ നമസ്കരിച്ച് മുദ്രയേൽക്കുന്നവർക്ക് എന്തു സംഭവിക്കുമെന്ന് വെളിപാടിൽ പറയുന്നു. ''അവൻ ദൈവകോപത്തിന്റെ പാത്രത്തിൽ കലർപ്പില്ലാതെ പകർന്നിരിക്കുന്ന ദൈവക്രോധമദ്യം കുടിക്കേണ്ടി വരും; വിശുദ്ധ ദൂതന്മാർക്കും കുഞ്ഞാടിനും മുമ്പാകെ അഗ്നിഗന്ധകങ്ങളിൽ ദണ്ഡനം അനുഭവിക്കും. അവരുടെ ദണ്ഡനത്തിന്റെ പുക എന്നേക്കും പൊങ്ങും; രാവും പകലും അവർക്ക് ഒരു സ്വസ്ഥതയും ലഭിക്കയില്ല'' (വെളിപാട് 14:10-11).

ഒരു ചുഴലിക്കാററു വന്നാൽ, പേമാരി വന്നാൽ, ഭൂമികുലുക്കം ഉണ്ടായാൽ ഭയപ്പെടുന്നവർ ധാരാളമുണ്ട്. പക്ഷെ ദൈവത്തെ അനുസരിക്കാതിരിക്കുന്നതിനോ, പാപംചെയ്യു

ന്ന അവസരത്തിലോ അവർക്ക് യാതൊരു ഭയവുമില്ല സത്യം അനുസരിച്ചിരിക്കുന്നവർക്കിടയിലും ചിലർ ഭയപ്പെടുന്നുണ്ട്; പ്രകൃതിക്ഷോഭത്തിലും അപകടങ്ങളിലും എല്ലാം. പക്ഷെ ആരാധന മുടക്കുന്നതിലോ സുവിശേഷം അറിയിക്കാത്തതിലോ തെറ്റു ചെയ്യുന്നതിലോ അവർക്ക് വലിയ ഭയപ്പാട് ഒന്നും കാണാനില്ല. നമ്മുടെ കർത്താവ് പറഞ്ഞിരിക്കുന്നത് എത്രപേർക്ക് മനസിലാകുന്നുണ്ട് ? ''ദേഹിയെ കൊല്ലുവാൻ കഴിയാതെ ദേഹത്തെ കൊല്ലുന്നവരെ ഭയപ്പെടേണ്ടാ; ദേഹത്തെയും ദേഹിയെയും നരകത്തിൽ നശിപ്പിപ്പാൻ കഴിയുന്നവനെത്തന്നെ ഭയപ്പെടുവിൻ'' (മത്തായി 10:28). തിരുവെഴുത്തിലെ പരമപ്രധാനമായ ഇത്തരം ഭാഗങ്ങൾ പ്രസംഗിക്കുന്നവർ ചിലപ്പോൾ വിട്ടുകളയാറുണ്ട്. അനുസരണമില്ലാത്തവരെയാണ് നിത്യ നരകത്തിലേക്ക് അവസാനം തള്ളിയിടുന്നത്. ദൈവത്തെ അനുസരിക്കുന്നതിനേക്കാൾ പിശാചിനെ അനുസരിക്കുന്നതിനാണ് ആളുകൾക്ക് താല്പര്യം. പക്ഷെ അവസാനം കിട്ടുവാനിരിക്കുന്ന ശിക്ഷയാണ് മാരകമായുള്ളത്. ഇവിടെയും സമാധാനം കിട്ടുകയില്ല; വരുവാനുള്ള ലോകത്തിലും അതുണ്ടാകയില്ല.

യഹോവഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു; പരിശുദ്ധനെക്കുറിച്ചുള്ള പരിജ്ഞാനം വിവേകം ആകുന്നു (സദൃശവാക്യങ്ങൾ 9:10). ചീറിപ്പായുന്ന തീവണ്ടിയെയും ഭൂചലനത്തെയും ഭയപ്പെടുന്നവർ ദൈവത്തെ ഭയപ്പെടാതിരിക്കുന്നത് ഒരു പക്ഷെ അവർക്കു ദൈവത്തിന്റെ ശക്തി അറിഞ്ഞുകൂടായിരിക്കും. സ്രഷ്ടാവിന്റെ ശക്തിയുടെ അറിവ് വിവേകമുള്ളവർക്കല്ലേ മനസിലാകു. സാമാന്യബോധമുള്ളവർ പ്രപഞ്ചത്തിലെ ഭീകരാവസ്ഥയെ ഭീതിയോടെയാണ് വീക്ഷിക്കുന്നത്. പക്ഷെ ഈ പ്രപഞ്ചത്തെ നിലനിർത്തുന്ന നിർമ്മാതാവിന്റെ ശക്തി എത്രയോ വലുതാണെന്ന് അവർ തിരിച്ചറിയുന്നില്ല. അതിന്റെ കാരണം അപ്പൊസ്തലനായ പൌലൊസ് വ്യക്

തമാക്കിയിരിക്കുന്നത് നമുക്ക് വായിക്കാം. ‘‘സമാധാനമാർഗ്ഗം അവർ അറിഞ്ഞിട്ടില്ല; അവരുടെ ദൃഷ്ടിയിൽ ദൈവഭയമില്ല’ എന്നിങ്ങനെ എഴുതിയിരിക്കുന്നല്ലൊ’’ (റോമർ 3:18). പുറമെയുള്ള അവരുടെ കാഴ്ചപ്പാടിനു കുഴപ്പമില്ല. അവരുടെ അകക്കണ്ണു പ്രവർത്തിക്കുന്നില്ല.

മാതാപിതാക്കൾ തങ്ങളുടെ കുട്ടികളെ എങ്ങനെയാണ് വളർത്തുന്നത്? അവരെ ദൈവഭയമുള്ള പൈതങ്ങളായി വളർത്തണം. അച്ചടക്കത്തിലും ശിക്ഷണയിലും അവരെ വളർത്തിയില്ലെങ്കിൽ അവരുടെ ജീവിതം നിയന്ത്രണരഹിതമായി മാറും. അവരുടെ ദൃഷ്ടിയിൽ പിന്നീട് ദൈവഭയമേ കാണുകയില്ല. ഭദ്രമായ ഒരു ഭവനം പണിതുയർത്തുവാൻ അപ്പനും അമ്മയും തുല്യ പങ്കു വഹിക്കണം. ഒരു ഇടവകയെ വഹിച്ചുകൊണ്ടു പോകുന്ന ഉപദേഷ്ടാവ് ആളുകളെ ഭയപ്പെടരുത്. അതായത് സഭയിലെ അംഗങ്ങളെ ഭയപ്പെടാതെ ദൈവത്തിന്റെ ആലോചന ഒട്ടും മറച്ചുപിടിക്കാതെ തുറന്നു സംസാരിക്കണം. അംഗങ്ങളും എല്ലാവരും അങ്ങനെ ദൈവഭയമുള്ളവരായി വളരണം. ദൈവകൃപ എങ്ങനെയെല്ലാം ആസ്വദിക്കാൻ കഴിയും എന്നവരെ പഠിപ്പിക്കണം. മനോഹരമായ സ്വർഗ്ഗത്തിൽ എത്തുവാൻ എല്ലാവരും പരിശീലിക്കേണ്ടതാണ്. ദൈവകോപദിവസത്തിൽ അവന്റെ മുമ്പിൽ ആർക്കു നില്പാൻ കഴിയും? (വെളിപാട് 6:17). ജീവനുള്ള ദൈവത്തിന്റെ കയ്യിൽ വീഴുന്നത് എത്ര ഭയങ്കരം എന്ന് എബ്രായലേഖകൻ വിവരിച്ചിരിക്കുന്നു. നമ്മുടെ ജീവിതത്തിൽ നാം എന്തിനെയാണ് കൂടുതൽ ഭയപ്പെടുന്നത്? പ്രിയരേ, കർത്താവിന്റെ ന്യായവിധി നാൾ വരുന്നു; ആ ദിവസത്തിൽ ആർക്കും അവനെ ഒഴിഞ്ഞു പോകാവുന്നതല്ല. കർത്താവിനെ ഭയപ്പെട്ട് അവന്റെ കല്പന അനുസരിച്ചാൽ വരുവാനുള്ള ദൈവകോപത്തിൽ നിന്നും നമുക്ക് മോചനമുണ്ട്. നിങ്ങൾ ദൈവവചനത്തെ സൗമ്യതയോടെ അനുസരിക്കുക.

★

# നമ്മുടെ വിജയത്തിനു ദൈവത്തിൻെറ പ്ലാൻ

**ക്ലെം തർമാൻ**

നിങ്ങഠം ആഗ്രഹിക്കുന്നതു പോലെ അല്ലെങ്കിൽ ദൈവം ഉദ്ദേശിച്ചതുപോലെ നിങ്ങളുടെ ജീവിതം വിജയപ്രദമായി തീരുന്നുണ്ടോ? ദൈവം ആഗ്രഹിക്കുന്ന സന്തോഷവും മനസമാധാനവും നിങ്ങഠം വാസ്തവത്തിൽ അനുഭവിക്കുന്നുണ്ടോ? യോശുവായ്ക്ക് ചില നിർദ്ദേശങ്ങഠം കൊടുത്തുകൊണ്ടു ദൈവം പറയുന്നു: "ഈ ന്യായപ്രമാണപുസ്തകത്തിലുള്ളതു നിൻെറ വായിൽനിന്നു നീങ്ങിപ്പോകരുത്; അതിൽ എഴുതിയിരിക്കുന്നതുപോലെ ഒക്കെയും പ്രമാണിച്ചു നടക്കേണ്ടതിനു നീ രാവും പകലും അതു ധ്യാനിച്ചുകൊണ്ടിരിക്കേണം: എന്നാൽ നിൻെറ പ്രവൃത്തി സാധിക്കും; നീ കൃതാർത്ഥനായും ഇരിക്കും" (യോശുവ 1:8). നിങ്ങഠംക്കു ഒരു ജീവിതം ദൈവം നല്കിയപ്പോഠം തന്നെ അതിൻെറ ഉദ്ദേശം വ്യക്തമാക്കിയിട്ടുണ്ട്. എങ്ങനെ അതു വിജയകരമാക്കാം, സന്തോഷപ്രദമാക്കാം; കൃതാർത്ഥത കൈവരിക്കാമെന്നെല്ലാം ദൈവം മുൻകൂട്ടി അറിയിച്ചിട്ടുമുണ്ട്.

നാം ഒരു കെട്ടിടം പണിയുന്നതിനു മുൻപ് ഒരു പ്ലാൻ തയ്യാറാക്കുന്നുണ്ടല്ലൊ. അതിൽ കെട്ടിടത്തിൻെറ ആകൃതി, പണിയേണ്ട രീതികഠം, സാമഗ്രികഠം തുടങ്ങിയ പലതും അതിൽ അടങ്ങിയിട്ടുണ്ടല്ലൊ. പൊതുവിൽ അംഗീകരിക്കപ്പെട്ട ഒരു എഴുത്തുകാരൻ ഒരു പുസ്തകമെഴുതി. ജീവിതവിജയരഹസ്യം എന്നതായിരുന്നു അതിൻെറ പേര്; ചൂടപ്പം പോലെ ആ പുസ്തകം വിററഴിഞ്ഞു. എന്നാൽ ആ പുസ്തകത്തിൽ വിവരിച്ചിരുന്ന മുഖ്യകാര്യങ്ങഠം ബൈബിളിൽ വർഷങ്ങഠംക്കു മുൻപ് ദൈവം അരുളിച്ചെയ്തതായിരുന്നു. അത് വായിച്ച് മനസിലാക്കി അനുസരിക്കു

വാൻ ആളുകൾ തയ്യാറാകുന്നില്ലല്ലോ എന്നതാണ് ഖേദകരം. ക്രിസ്തീയജീവിതം എന്ന ഏക വഴിയാണ് മനുഷ്യന് സന്തോഷം ജനിപ്പിക്കുന്നതും വിജയം ഉറപ്പാക്കുന്നതുമായ ഒന്ന്. യേശുക്രിസ്തു ലോകത്തോടു പറയുന്നതും അതു തന്നെ. ''ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിൻെറ അടുക്കൽ പ്രവേശിക്കുന്നില്ല (യോഹന്നാൻ 14:6). ഒരു ബാഹ്യശക്തിക്കും എടുത്തുമാററാൻ കഴിയാത്ത വിധത്തിൽ ഉറപ്പിക്കുന്ന ഒരു ജീവിതമാണ് ക്രിസ്തുവിൽ ഉള്ളത്. ക്രിസ്തുവിൻെറ സ്നേഹത്തിൽ നിന്ന് നമ്മെ വേർപിരിക്കുന്നതാർ? ദുഷ്ടതയോ, സങ്കടമോ, ഉപദ്രവമോ, പട്ടിണിയോ, നഗ്നതയോ, ആപത്തോ, വാളോ? (റോമർ 8:35-36). ദൈവ പദ്ധതിയാകുന്ന ക്രിസ്തീയ ജീവിതം ഇങ്ങനെ സുഖപ്രദമാക്കുവാൻ അതിൽ എന്തെല്ലാം കാര്യങ്ങൾ അടങ്ങിയിരിക്കുന്നു എന്നു നോക്കാം.

## ക്രിസ്ത്യാനിക്കു ദിശാബോധമുണ്ട്

മനുഷ്യനെ ദൈവം തൻെറ സാദൃശ്യത്തിലാണ് സൃഷ്ടിച്ചത് (ഉല്പത്തി 1:27). അതുകൊണ്ട് നമ്മിൽ ഓരോരുത്തരിലും ദൈവിക കാര്യങ്ങളെ അറിയുവാനുള്ള ആത്മീയവാഞ്ഛ അടങ്ങിയിട്ടുണ്ട്. പക്ഷെ ഓരോരുത്തർ വളരുന്ന സാഹചര്യമനുസരിച്ച് അവ വ്യത്യസ്ഥമായി മാറും. ദൈവമേ എൻെറ ആത്മാവ് ദൈവത്തിനായി, ജീവനുള്ള ദൈവത്തിനായി തന്നേ ദാഹിക്കുന്നു. ഞാൻ എപ്പോൾ ദൈവ സന്നിധിയിൽ ചെല്ലുവാനിടയാകും (സങ്കീർത്തനം 42:2). ഈ ലോകജീവിതത്തിൽ നമ്മുടെ മനോഭാവം അനുസരിച്ച് ഇവിടെയും വരുവാനുള്ള ലോകത്തിലും അതിൻെറ അനന്തരഫലം ഉളവാക്കും. ലൗകിക ജീവിതബദ്ധപ്പാടുകളിൽ മനുഷ്യർ പലരും തങ്ങളുടെ ആത്മീയദിശ ശരിയാണോ എന്നു പരിശോധിക്കാറില്ല. അങ്ങനെയുള്ളവരോട് കർത്താവ് പറയുന്നു: ഒരു മനുഷ്യൻ സർവ്വലോകവും നേടീട്ടും തൻെറ ജീവനെ നഷ്ടപ്പെ

ടുത്തിയാൽ അവന് എന്തു പ്രയോജനം ? അല്ല, തന്റെ ജീവനെ വീണ്ടുകൊൾവാൻ മനുഷ്യൻ എന്തു മറുവില കൊടുക്കും ? (മത്തായി 16;26). ആത്മാവിനെ നാം നഷ്ടമാക്കിയാൽ അതു തീരാനഷ്ടമാകും. ദൈനംദിന ജീവിതത്തിൽ നാം തിരഞ്ഞെടുക്കേണ്ട കാര്യങ്ങളിൽ പ്രാധാന്യം അർഹിക്കുന്നത് ഒരിക്കലും അവഗണിക്കരുത്.

നിങ്ങളുടെ ജീവിതം വിജയകരമാക്കണമെങ്കിൽ, പണത്തിനോ, പദവിക്കോ, മാനുഷിക അംഗീകാരത്തിനോ മുൻഗണന കൊടുക്കരുത്. യേശുക്രിസ്തുവിന്റെ വാക്കുകൾ ശ്രദ്ധിക്കുക, മുൻപേ അവന്റെ രാജ്യവും നീതിയും അന്വേഷിക്കുക. ആദ്യത്തെ അന്വേഷണം ഇതായിരിക്കണം. അതു കണ്ടെത്തിയാൽ നിങ്ങളുടെ ശരീരത്തെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ (മത്തായി 6:33; റോമർ 12:1). ഈ ലോക ജീവിതത്തിൽ കേന്ദ്രീകരിക്കുന്ന ഒന്നല്ല ക്രിസ്ത്യാനിയുടെ ജീവിതം. അതുകൊണ്ട് ഇവിടെ അനുഭവപ്പെടുന്ന നിരാശകൾക്കൊന്നും കവർന്നെടുക്കാവുന്ന ഒന്നല്ല അയാളുടെ സന്തോഷവും സമാധാനവും. അതുകൊണ്ട് ഒന്നു ഞാൻ ചെയ്യുന്നു; പിമ്പിലുള്ളതു മറന്നും മുമ്പിലുള്ളതിനു ആഞ്ഞും കൊണ്ടു ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ലാക്കിലേക്കു ഓടുന്നു (ഫിലിപ്പിയർ 3:14). ആവശ്യമുള്ളവർക്കു പങ്കിടുവാൻ മടിക്കാത്തവനാണ് ക്രിസ്ത്യാനി. കാരണം അവൻ തന്റെ നിക്ഷേപം സ്വർഗ്ഗത്തിൽ സ്വരൂപിക്കുന്നു (മത്തായി 6: 20). തന്റെ നിക്ഷേപം ആരും കവർന്നെടുക്കാത്തതുകൊണ്ട് അവന് സന്തോഷിക്കുകയും സമാധാനിക്കുകയും ചെയ്യാം.

## മനസലിവുള്ളവനാണ് ക്രിസ്ത്യാനി

യെഹൂദന്മാർക്കിടയിൽ സഞ്ചരിച്ച യേശുക്രിസ്തുവിനുണ്ടായ മനോഭാവം എന്തായിരുന്നു എന്ന് സൂചിപ്പിച്ചിട്ടുണ്ട്. '(അവൻ പുരുഷാരത്തെ ഇടയനില്ലാത്ത ആടു

കളെ പോലെ കുഴഞ്ഞവരും ചിന്നിയവരുമായി കണ്ടിട്ടു അവരെക്കുറിച്ചു് മനസ്സലിഞ്ഞു് തന്റെ ശിഷ്യന്മാരോടു്: കൊയ്ത്തു് വളരെ ഉണ്ടു് സത്യം: വേലക്കാരോ ചുരുക്കം; ആകയാൽ കൊയ്ത്തിന്റെ യജമാനനോടു് കൊയ്ത്തിലേക്കു് വേലക്കാരെ അയക്കേണ്ടതിനു യാചിപ്പിൻ എന്നു പറഞ്ഞു'' (മത്തായി 9:36-38). മററുള്ളവരുടെ വികാരങ്ങളെ മാനിക്കാൻ കഴിയണം. മറെറാരാളുടെ സുഖത്തിൽ ആയാലും ദുഃഖത്തിൽ ആയാലും പങ്കുചേരുവാൻ മനസ്സു കാണിക്കണം. യേശു കണ്ണീർ വാർത്തതു നിങ്ങൾ ഓർമ്മിക്കുമല്ലോ. അപരന്റെ വിലാപത്തിൽ കരളലിഞ്ഞു എന്നർത്ഥം (യോഹന്നാൻ 11:35). ക്രിസ്തീയ ജീവിത മാതൃകയുടെ മാനദണ്ഡം ''മററുള്ളവർ നിങ്ങൾക്കു ചെയ്യേണം എന്നു നിങ്ങൾ ആഗ്രഹിക്കുന്നതു് അവർക്കു ചെയ്‌വിൻ'' (മത്തായി 7:12). മറെറാരാളുടെ പ്രവൃത്തിയിൽ ഇടപെടാത്തവനായി നിന്നു് തന്നാൽ കഴിയുന്നതു് ചെയ്യുന്നവനാണു് യഥാർത്ഥ വിജയി. അതാണു് നമുക്കു് അനിരിക്കുന്ന സുവർണ്ണ നിയമം.

ഒരു ക്രിസ്ത്യാനി ക്രിസ്തുവിന്റെ ശരീരത്തിലെ അവയവമാണു്. അതുകൊണ്ടു് ആ ശരീരത്തിൽ വേറെയും അവയവങ്ങൾ ഉണ്ടു് എന്ന തോന്നലും കരുതലും നമുക്കു് ഉണ്ടാകണം. ''ഭാവിക്കേണ്ടതിനു മീതെ ഭാവിച്ചു് ഉയരാതെ ദൈവം അവനവനു് വിശ്വാസത്തിന്റെ അളവു് പങ്കിട്ടതു പോലെ സുബോധമാകും വണ്ണം ഭാവിക്കണമെന്നു ഞാൻ എനിക്കു ലഭിച്ച കൃപയാൽ നിങ്ങളിൽ ഓരോരുത്തരോടും പറയുന്നു. ഒരു ശരീരത്തിൽ പല അവയവങ്ങൾ ഉണ്ടല്ലോ; എല്ലാ അവയവങ്ങൾക്കും പ്രവൃത്തി ഒന്നല്ലതാനും (റോമർ 12:5-6). ഓരോരുത്തൻ മററുള്ളവരെ തന്നേക്കാൾ ശ്രേഷ്ഠൻ എന്നു എണ്ണിക്കൊൾവിൻ അതായിരിക്കണം മററുള്ളവരോടുള്ള സമീപനവും ഇടപെടലും.

★

(ശേഷം അടുത്ത ലക്കത്തിൽ)

സ്ത്രീകൾക്കു വേണ്ടി

# പിശാചിൻെറ തന്ത്രങ്ങൾ

ആശാ സിദ്ധാർത്ഥൻ

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

നമ്മുടെ കൂടെയിരുന്നു ഭക്ഷണം കഴിച്ചവർ നമ്മെ ദൂഷിക്കുമ്പോഴും നാം മുഖാന്തരം രക്ഷിക്കപ്പെട്ടവർ നമ്മെ ദുഷിക്കുമ്പോഴും നാം വളരെയധികം സ്നേഹിക്കുന്നവർ തന്നെ നമ്മെ ദുഷിക്കുമ്പോഴും നമ്മുടെ മനസ് എത്രയധികം വേദനിക്കും ! അപ്പോഴും നാം മനസിലാക്കേണ്ടത് പിശാച് നമ്മെ ശോധിക്കേണ്ടതിന് ശക്തിയുള്ളവനാണ് എന്ന്. എന്നാൽ നാമോ എല്ലാത്തിലും ജയിക്കുന്നവരായിരിക്കേണം. കുഞ്ഞുങ്ങളെ നിങ്ങൾ ദൈവത്തിൽ നിന്നുള്ളവരാകുന്നു. അവരെ ജയിച്ചുമിരിക്കുന്നു. നിങ്ങളിലുള്ളവൻ ലോകത്തിൽ ഉള്ളവനേക്കാൾ വലിയവനല്ലോ.

2കൊരിന്ത്യർ 6:7ൽ പറയുന്നതുപോലെ സ്നേഹം സത്യവചനം, ദൈവശക്തി എന്നിവയിലും ഇടത്തും, വലത്തും നീതിയുടെ ആയുധങ്ങൾ ധരിച്ചുകൊണ്ട് യേശു ക്രിസ്തുവിൻെറ ശരീരത്തോടു നാം ചേർന്നു നിൽക്കാം പിശാചിൻെറ സകല ക്രിയകളെയും എതിർത്തു നിൽക്കാം. ആകയാൽ നിങ്ങൾ ദൈവത്തിന് കീഴടങ്ങുവിൻ പിശാചിനോട് എതിർത്തു നില്പിൻ എന്നാൽ അവൻ നിങ്ങളെ വിട്ടു ഓടിപ്പോകും (യാക്കോബ് 4:17).

''വിശ്വാസത്തിൽ ജീവിക്കാം അന്ത്യം വരേയ്ക്കും ജയിച്ചു നിൽക്കാം''.

## യഥാർത്ഥ മാനസാന്തരം

ഓരോ ആരാധനയും ഒരു ക്രിസ്ത്യാനിക്ക് ദൈവത്തിൻെറ വചനത്തിൽ ഉത്സാഹത്തെ കൊണ്ടു വരുന്നു.

ഒരു ഉത്തരവാദിത്വത്തെ ക്രിസ്തുവിൽ നൽകപ്പെടുന്നു.

നാം യേശുക്രിസ്തുവിനെക്കുറിച്ചും പിതാവിനെക്കുറിച്ചും വചനത്തിൽ ധ്യാനിക്കുമ്പോൾ അവൻെറ വചനം ഹൃദയത്തിൻെറ ആഴത്തിലേയ്ക്ക് കൊണ്ടു വരികയും. ക്രിസ്തുവിനെ അറിയുന്ന അറിവിലും കൃപയിലും വളരുന്നതിനായി സഹായിക്കുന്നു. ആരാലെങ്കിലും പറയുവാൻ കഴിയുമോ അവൻെറ വചനം തങ്ങളുടെ ഹൃദയത്തിൽ പതിഞ്ഞില്ല എന്ന്. തീർച്ചയായും അത് നമ്മുടെ ഹൃദയങ്ങളിൽ ആഴ്ന്ന് പതിയുന്ന ഒന്നാണ്.

ഇയ്യോബ് 2:7,8- അങ്ങനെ സാത്താൻ യഹോവയുടെ സന്നിധി വിട്ട് ഇയ്യോബിൻെറ ഉള്ളങ്കാൽ മുതൽ നെറുക വരെ വല്ലാത്ത പരുക്കളാൽ ബാധിച്ചു. അവൻ ഒരു ഓട്ടിൻ കഷണം എടുത്ത് തന്നെത്താൻ ചുരണ്ടിക്കൊണ്ട് ചാരത്തിൽ ഇരുന്നു.

സാത്താൻ എങ്ങനെയെല്ലാം ഇയ്യോബിനെ പരീക്ഷിച്ചു എന്ന് നമുക്കറിയാം. ഇയ്യോബിൻെറ ശരീരം മുഴുവനും പരുക്കുകളാൽ നിറഞ്ഞു. അവനാൽ നിൽക്കാനും ഇരിക്കാനും കഴിയാത്ത അളവിൽ അവനെ വേദനിപ്പിച്ചു. ഇപ്പോൾ ഇയ്യോബ് ലൂക്കോസ് എഴുതിയ സുവിശേഷത്തിൽ പറയുന്ന പരുക്കൾ നിറഞ്ഞതും നായ്ക്കളാൽ വ്രണത്തിൽ നക്കപ്പെടുന്നതുമായ ആ ദരിദ്രനായ ലാസറിനെപ്പോലെ ഇരിക്കുന്നു. പക്ഷെ ലാസർ ഒരു ദരിദ്രനും ഇയ്യോബ് ഒരു ധനികനും ആണ്. ഇയ്യോബിന് തൻെറ ജീവിതത്തിലെ എല്ലാ സുഖസൗകര്യങ്ങളും ഉണ്ടായിരുന്നു. അവൻ ഹൃദയത്തിൽ നീതിമാനായിരുന്നു. ദൈവം (യഹോവ) തന്നെ അവനെക്കുറിച്ച് സാക്ഷ്യം പറയുന്നു. ഇത്രയും നല്ലവനും നീതിമാനുമായിരുന്ന ഇയ്യോബ് കഷ്ടപ്പെടുന്നു യാക്കോബ് 1:13- പരീക്ഷിക്കപ്പെടുമ്പോൾ ദൈവത്താൽ പരീക്ഷിക്കപ്പെടുന്നു എന്ന് ആരും പറയരുത്. ദൈവം ദോഷങ്ങളാൽ പരീക്ഷിക്കാത്തവൻ ആകുന്നു.

താൻ ആരെയും അങ്ങനെ പരീക്ഷിക്കുന്നില്ല. അതിനാൽ നാം ദൈവത്താൽ പരീക്ഷിക്കപ്പെടുന്നു എന്ന് പറയരുത്. എന്നാൽ ഇയ്യോബ് 1:21ൽ യഹോവ തന്നത് യഹോവ എടുത്തു എന്ന്. ആദ്യം പറഞ്ഞ യഹോവ കൊടുത്തു എന്ന് പറഞ്ഞത് ശരിയായ കാര്യം എന്നാൽ രണ്ടാമത് പറഞ്ഞ യഹോവ എടുത്തു എന്ന് പറഞ്ഞത് ശരിയല്ല. കാരണം സാത്താനാണ് അവൻെറ ആരോഗ്യത്തെയും, സമ്പത്തിനെയും എടുത്തത്. ആദാം ഒരേ ദിവസത്തിൽ ദൈവത്തിൻെറ മഹത്വത്തെ നഷ്ടപ്പെടുത്തിയതു പോലെ ഇയ്യോബിന് ഒരേ ദിവസത്തിൽ തന്നെ എല്ലാം നഷ്ടപ്പെടുന്നു. ചാരത്തിൽ ഇരുന്നു എന്ന് പറയപ്പെടുന്നത് പഴയ നിയമപ്രകാരം തന്നെത്തന്നെ വെറുക്കുമ്പോൾ ചെയ്യുന്ന ഒരു കാര്യമാണ്, അങ്ങനെയാണ് അവർ യഹോവയോട് മാനസാന്തരപ്പെടുന്നത്. ഇപ്പോൾ ഇയ്യോബ് ഓട്ടുകഷണം എടുത്ത് തൻെറ ശരീരത്തെ ചൊറിയാൻ ആഗ്രഹിക്കുന്നു.

പല സമയത്തും നാം വലിയ തെററുകൾ (കൊല, വ്യഭിചാരം) ഒന്നും ചെയ്യുന്നില്ല എന്നും നാം നീതിമാൻമാർ എന്നും സ്വയമെ വിചാരിക്കുന്നു. എന്നാൽ പാപം എന്നത് കണ്ണിനാൽ ഉള്ള ആഗ്രഹം, ശരീരത്തിനാൽ ഉള്ള ആശകൾ ഇവകളാൽ കൂടിയും വരുന്നതാണ്. ഇയ്യോബ് തന്നെത്തന്നെ നീതിമാനായി വിചാരിച്ചു. ദൈവത്തെക്കുറിച്ച് അവൻ നല്ലവണ്ണം അറിഞ്ഞിരുന്നു. ദൈവം എല്ലാവർക്കും സന്തോഷത്തെ കൊടുക്കണം എന്നുവിചാരിക്കുന്നു. ദൈവരാജ്യം എന്നത് സന്തോഷത്താൽ നിറഞ്ഞിരിക്കുന്നത്. എന്നാൽ ദുഃഖവും, കരച്ചിലും, പല്ലുകടിയും സാത്താനാൽ ആണ് നമുക്ക് വരുന്നത്, നാം ദൈവത്തെ എങ്ങനെ അറിഞ്ഞിരിക്കുന്നുവോ അതേസമയം സാത്താനെക്കുറിച്ചും നാം അറിയേണ്ടതും ആവശ്യമാണ്. എന്തെന്നാൽ സാത്താൻ നമ്മുടെ ജീവിതത്തിൽ അനേകം പ്രതിസന്ധികളെ കൊണ്ടുവരുന്നു. അതുകൊണ്ട് ആര് നമ്മെ തടുക്കുന്നു എന്ന് നാം അറിഞ്ഞിരിക്കണം.

യിരെമ്യ 6:26. എന്റെ ജനത്തിന്റെ പുത്രി, രട്ടുടുത്തു വെണ്ണീറിൽ ഉരുളുക. ഏകജാതനെക്കുറിച്ച് എന്നപോലെയുള്ള ദുഃഖവും കഠിനമായ വിലാപവും കഴിച്ചുകൊൾക സംഹാരകൻ പെട്ടെന്ന് നമ്മുടെ നേരെ വരും. ഒരു അമ്മയ്ക്ക് ഒരേ ഒരു മകൻ ഇരിക്കുന്നു. ആ മകൻ മരിച്ചാൽ ആ അമ്മ എങ്ങനെ മനവേദനകൊണ്ട് കരഞ്ഞ് കണ്ണീർ പൊഴിക്കുന്നുവോ, അതുപോലെ നാം മാനസാന്തരപ്പെടണം എന്ന് ദൈവം ആഗ്രഹിക്കുന്നു.

യോനാ 3:5,6 എന്നാൽ നീനെവെക്കാർ ദൈവത്തിൽ വിശ്വസിച്ച് ഒരു ഉപവാസം പരസ്യം ചെയ്തു വലിയവരും ചെറിയവരും ഒരുപോലെ രട്ടുടുത്തു വർത്തമാനം നിനെവേ രാജാവിന്റെ അടുക്കൽ എത്തിയപ്പോടെ അവൻ സിംഹാസനത്തിൽ നിന്നു എഴുന്നേററ് രാജവസ്ത്രം നീക്കിവെച്ചു രട്ടു പുതച്ചു വെണ്ണീറിൽ ഇരുന്നു.

രാജാവ് സിംഹാസനത്തിൽ നിന്ന് എഴുന്നേററ് വന്ന് രട്ടിലും വെണ്ണീറിലും ഇരുന്നു. ഇതാണ് ഒരു രാജാവിന്റെ കഥ. ആ രാജാവ് അങ്ങനെ മാനസാന്തരപ്പെടുന്നു. അങ്ങനെ ദൈവം ആ പട്ടണത്തെ നശിപ്പിക്കാതെ അവരുടെ മേലെയുള്ള ഉഗ്ര കോപത്തെ മാററി അവരോട് അനുതപിക്കുന്നു.

പല സന്ദർഭങ്ങളിൽ സഭയും ഇങ്ങനെ സ്വന്തനിലമായ ചിന്തകൾ വെടിഞ്ഞുകൊണ്ട് തന്നെത്തന്നെ താഴ്ത്തിക്കൊണ്ട് മാനസാന്തരപ്പെടേണ്ടത് ആവശ്യമായിരിക്കുന്നു. നാം എപ്പോഴാണ് അവസാനമായി ദൈവത്തോടു കണ്ണീരൊഴുക്കി പ്രാർത്ഥന കഴിച്ചത് എന്ന് ചിന്തിക്കണം.

★

(ശേഷം അടുത്ത ലക്കത്തിൽ)

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH**—The Voice of Truth—Speakers: Reggi Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth.
Post Box 3815, New Delhi-110049.
Mondays — 9.00 to 9.15 P.M.
Fridays — 7.45 to 8.00 P.M.

**HINDI**—Satya Susamachar—Speaker. Sunny David.

All correspondence should be sent to Satya Susamachar.
Post Box 3815, New Delhi-110049.
Sundays — 12.45 to 1.00 P.M.
Tuesdays — 9.00 to 9.15 P.M.
Thursdays — 9.00 to 9.15 P.M.
Fridays — 9.00 to 9.15 P.M.

**TELUGU**—The Voice of Truth—Speaker: Joshua Gootam

All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001.
Sundays — 2.30 to 2.45 P.M.
Tuesdays — 2.30 to 2.45 P.M.
Thursdays — 2.30 to 2.45 P.M.
Fridays — 2.30 to 2.45 P.M.
Saturdays — 2.30 to 2.45 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy

All correspondence should be sent to The Way of Truth
Post Box 8405, Bangalore 560084.
Tuesdays — 5.30 to 5.45 P.M.
Thursdays — 6.45 to 7.00 P.M.
Sundays — 6.45 to 7.00 P.M.

**MALAYALAM**—The Voice of Truth—Speaker : P. K. Varghese

All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Tuesdays & Fridays — 3.45 to 4.00 p.m.

**KANNADA**—The Voice of Truth—Speaker : Robert Rathnakar—Box. 448, Bangalore—560004
Sundays — 1.45 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

* You are Cordially Invited *
To Attend
Services and Bible studies

Sunday 10 a.m.
Tuesday 6.30 P.m.

Meeting place

**CHURCH OF CHRIST BUILDING**

Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695 034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

From

**THE BIBLE TRUTH**
Church of Christ
Behind Sanskrit College
Thiruvananthapuram-695 034
Phone : 443378

To